# ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കപ്പൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2012-13

ലോക്കൽ ഫണ്ട് ഓഡിറ്റ് പാലക്കാട് ജില്ലാ

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

**e-mail:auditlfdopkd@gmail.com**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.എൽ.എഫ്.പി20/882/15 ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ

ഡെപ്യൂട്ടി ഡയറക്ടറുടെ ജില്ലാ കാര്യാലയം
പാലക്കാട്

തീയതി - 26.08.2015

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കപ്പൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :കപ്പൂർ ഗ്രാമപഞ്ചായത്ത് -2012-13 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2012-13 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം എൽ.എഫ്.പി20/882/15 തിയ്യതി: 26.08.2015

പാലക്കാട് ജില്ലയിലെ കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ

2012-13 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2012-13 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21-5-2014 മുതൽ 23-5-2015 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും,

വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | മേരി ബന്ന തിയോഫിലിസ്<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25-5-2015. മുതൽ 30-5-2015 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | കെ .ആർ പ്രകാശ് ബാബു | ഓഡിറ്റ് ഓഫീസർ. |
| | യു. ബിജു ആന്റണി | അസി.ഓഡിറ്റ് ഓഫീസർ |
| | കെ,സി ഹരിഗോബിന്ദ് | സീനി.ഗ്രേഡ് ഓഡിറ്റർ |
| | എം. മുഹമ്മദ് ഹിഷാം | ഓഡിറ്റർ |

(ബി)**നിർവ്വഹണാധികാരികൾ**

| | | | |
|---|---|---|---|
| പ്രസിഡന്റ് | 1. | ശ്രീ.സി.എം. അലി മാസ്റ്റർ | 1-4-2012 മുതൽ 31-3-2013. വരെ |
| സെക്രട്ടറി | 1. | ശ്രീ.ടി,ഐ .പോൾ | 1-4-2012 മുതൽ 3-5-2012 വരെ |
| | 2. | ശ്രീ. പി സെയ്തലവി. | 4-5-2012മുതൽ 31-3-2013 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| കൃഷി ഓഫീസർ | 1 | ശ്രീ. അജിത്ത് കുമാർ | 1-4-2012 മുതൽ 31-3-2012 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 1 | ശാന്തകുമാരി | 1-4-2012 മുതൽ 9-10-2012 വരെ |
| | 2 | ശ്രീമതി. അജിത കുമാരി | 10-10-2012 മുതൽ 31-3-2013 വരെ |
| വി.ഇ.ഒ | | ശ്രീ. അബ്ദുൾ ജലീൽ. | 1-4-2012 മുതൽ 31-3-2013 വരെ |
| വെറ്റിനറി സർജൻ | 1 | ഡോ.അഷ്റഫ് | 1-4-2012 മുതൽ 31-3-2013. വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 1 | ഡോ.പി.വി. ശോഭ | 1-4-2012മുതൽ14-9-2012വരെ |
| | 2 | ഡോ.വിപിൻ കിഷോർ | 15-9-2012മുതൽ 31-3-2013വരെ |
| മെഡിക്കൽ ഓഫിസർ, ആയ്യുർവ്വേദ ഡിസ്പെൻസറി | 1 | ഡോ.ജയറാം | 1-4-2012 മുതൽ 31-3-2013 വരെ |

| | | | |
|---|---|---|---|
| ഹെഡ് മാസ്റ്റർ | | ശ്രീ.ശശിധരൻ | 1-4-2012 മുതൽ 31-3-2012. വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | |
| | ഭാഗം 2 | |
| 1 | ഡി &ഓ ലൈസൻസ് ഫീസ് കുറവ് ഈടാക്കി | 2-1 |
| 2 | ഡി &ഓ ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ | 2-2 |
| 3 | കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ഇല്ലാതെ പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് പഞ്ചായത്തിൽ നിന്നും പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കി നൽകി | 2-3 |
| 4 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-4 |
| 5 | സി. ബി. എസ്. ഇ. /അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ നിന്നുള്ള തൊഴിൽ നികുതി പിരിവ്-അപാകത | 2-5 |
| 6 | ഫയലുകൾ ഓഡിറ്റിനായി ഹാജരാക്കാത്തത് ക്രമവിരുദ്ധം | 2-6 |
| | ഭാഗം 3 | |
| 1 | ഗുണഭോക്തൃ സമിതികൾ നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളുടെ രേഖകൾ പരിശോധനയ്ക്ക് ലഭിച്ചില്ല-ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു | 3-1 |
| 2 | തെരുവ് വിളക്ക് റിപ്പയർ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല. | 3-2 |
| 3 | കെട്ടിടങ്ങൾക്കുള്ള നമ്പർ പ്ലേറ്റ് ആവശ്യമായതിലും വളരെ കൂടുതൽ എണ്ണത്തിന് തുക നൽകിയിരിക്കുന്നു | 3-3 |
| 4 | പത്താംതരം തുല്യതാ പരീക്ഷയ്ക്ക് ധനസഹായം -അപേക്ഷകരുടെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. തുക തടസ്സപ്പെടത്തുന്നു. | 3-4 |
| 5 | മെഡിക്കൽ ക്യാമ്പിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല. | 3-5 |
| 6 | വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു | 3-6 |
| 7 | പ്രോജക്ട് നിർവ്വഹണത്തിന് ആവശ്യമായ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല-തുക തടസ്സപ്പെടത്തുന്നു. | 3-7 |
| 8 | കൺവീനർ പ്രവൃത്തികൾ കരാറുകാരെക്കൊണ്ട് നിർവ്വഹിപ്പിക്കുന്നത് നിയമവിരുദ്ധം | 3-8 |
| 9 | അംഗനവാടികളുടെ അവലോകനം | 3-9 |
| 10 | MGNREGS - അവലോകനം | 3-10 |
| | ഭാഗം 4 | |
| 1 | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |



## ഭാഗം -1

## പൊതു അവലോകനം



## പൊതു അവലോകനം



### 1 പൊതു വിവരങ്ങൾ

1-1. <u>ബജറ്റ്</u>

2012-13 വർഷത്തെ ബജറ്റ് 28-3-2012 തിയതിയിലെ 1(1) തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

1-2 <u>വാർഷിക ധനകാര്യപത്രിക</u>

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2013 | 25-7-2013 | 23-11-2013 | 20-10-2014 |

1-3 <u>വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം</u>

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2012-13 | 22-10-2013 | LF P 21/1989/2013 dt 23-11-2013 |

1-4 <u>സാമ്പത്തിക വിശകലനം</u>

മുന്നിരിപ്പ് - 13110885
വരവ് - 46401112
ആകെ - 59511997
ചെലവ് - 44580385
നീക്കിയിരിപ്പ് - 14931612

1-5 <u>ഫണ്ട് വിനിയോഗം</u>

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 804781 | 4165032 | 4969813 | 4276973 | 692840 | 86% |
| വികസനഫണ്ട് എസ്.സി.പി. | 2600765 | 5432000 | 8032765 | 4917640 | 3115125 | 61.2% |
| വികസനഫണ്ട് ടി.എസ്.പി. | - | - | - | - | - | - |
| സംരക്ഷണ ഗ്രാന്റ് റോഡ് | 698756 | 3882000 | 4580756 | 3675614 | 905142 | 80.2% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 944178 | 1334578 | 2278756 | 1514470 | 764286 | 66.46% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 439765 | 3526894 | 3966659 | 3527055 | 439604 | 88.9% |
| പെർഫോമൻസ് ഗ്രാന്റ് | 454000 | 2036000 | 2490000 | 1337500 | 1152500 | 53.7% |

| | | | | | | |
|---|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്. | 50320 | 5377517 | 5427837 | 5402467 | 25370 | 99.5% |
| ബി ഫണ്ട് | - | 10184073 | 10184073 | 10184073 | | 100% |

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 202 | 41876299 | 95 | 20815350 | 14 | 93 | 40% |

1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 23.6% ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2038521 | 2014533 | (-)23988 | (-)1.17 |
| നികുതിയേതര വരവുകൾ | 321007 | 158612 | (-)162395 | (-)50.58 |
| മറ്റുവരവുകൾ | 665577 | 137819 | (-)527758 | (-)79.29 |
| ആകെ | 3025105 | 2310964 | (-)714141 | (-)23.6 |

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 42000 | 33 |
| കർഷകതൊഴിലാളിപെൻഷൻ | 1783200 | 350 |
| വിധവാ പെൻഷൻ | 4269592 | 631 |
| വാർദ്ധക്യകാല പെൻഷൻ | 1717320 | 280 |
| വികലാംഗ പെൻഷൻ | 1480938 | 220 |
| അവിവാഹിത പെൻഷൻ | 445831 | 53 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26-5-2015 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6427രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തര നിയന്ത്രണം

സ്ട്രീറ്റ് ലൈറ്റ് റജിസ്റ്റർ, പൊതുടാപ്പുകളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന റജിസ്റ്റർ, ജീവനക്കാരുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന Incumbency Registerഎന്നിവ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18-4-2015-22-4-2015 | 1/7/2014-31/12/2014 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23-4-2001-9-5-2001 | 1997-98-1999-2000 | 29-6-2001 |

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ' ലൈസൻസ് ഫീസ് - കുറവ് ഈടാക്കി.

2012-13വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനത്തിൽ നിന്നും 'ഡി & ഒ' ലൈസൻസ് ഫീസ് ഈടാക്കിയപ്പോൾ,'ഡി & ഒ' ലൈസൻസ് ചട്ടങ്ങളിൽ നിഷ്കർഷിച്ചിരുന്ന ഫീസിന് വിരുദ്ധമായി കുറവ് ഫീസാണ് ഈടാക്കിയിട്ടുള്ളത്.

| ലൈസൻസ് നം./തിയ്യതി | സ്ഥാപനം | അപേക്ഷ പ്രകാരം പ്രതിദിന വിറ്റുവരവ് | ഫീസ് ഈടാക്കിയത് | ചട്ടപ്രകാരം ഫീസ് പരമാവധി ഈടാക്കാവുന്നത് | കുറവ് |
|---|---|---|---|---|---|
| 8/12-13 തി.8.2.2012 | ബ്രദേഴ്സ് ക്രോക്കറി | 50,000 | 500 | 1000 | 500 |
| 111/12-13 തി.1.3.12 | കുമരനെല്ലൂർ സർവീസ് കോ ഓപ്പറേറ്റീവ് സർവീസ് ബാങ്ക് ലിമിറ്റഡ്-(വളം, കീട നാശിനി, കൃഷിഉപകരണങ്ങൾ -വിൽപന ) | 5029 | 100 | 200 | 100 |
| 113/12-13 തി.1.3.12 | കുമരനെല്ലൂർ സർവീസ് കോ ഓപ്പറേറ്റീവ് സർവീസ് ബാങ്ക് ലിമിറ്റഡ്-(മാവേലി ടെക്സ്റ്റൈൽസ്) | 7200 | 100 | 200 | 100 |
| | | ആകെ കുറവ് | | | 700 |

ഈടാക്കാൻ കുറവ് വന്ന തുക മേൽ സ്ഥാപനങ്ങളിൽ നിന്നും അടിയന്തിരമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

## 2-2 'ഡി & ഒ' ലൈസൻസ് അനുവദിച്ചതിൽ അപാകതകൾ

2012-13 വർഷത്തിൽ വിവിധ സ്ഥാപനങ്ങൾക്ക് പഞ്ചായത്തിൽ നിന്നും ഡി & ഒ ലൈസൻസ് അനുവദിച്ചപ്പോൾ താഴെപ്പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1. വിറ്റുവരവ് / ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിര ശക്തി എന്നിവ പരിശോധിക്കാതെ തന്നെ സ്ഥാപനങ്ങൾക്ക് ഡി & ഒ'ലൈസൻസ് അനുവദിച്ചു.

ഉദാ:

| ലൈസൻസ് നം. | സ്ഥാപനം |
|---|---|
| 52/12-13 | പലചരക്ക് കട |
| 65/12-13 | ശ്രീഹരി ബുക്ക്സ്റ്റാൾ ,<br>മാർക്കറ്റ് റോഡ് |
| 101/12-13 | മൊബൈൽ പോയന്റ് , (മൊബൈൽ ആക്സസറീസ് & |

| | |
|---|---|
| | കംപ്യൂട്ടർ വിൽപന),<br>കുമരനെല്ലൂർ |

III. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ആവശ്യമായ സ്ഥാപനം മേൽ അനുമതി ലഭ്യമാക്കാതെ തന്നെ പഞ്ചായത്തിൽ നിന്നും 'ഡി &ഒ' ലൈസൻസ് അനുവദിക്കുകയും സ്ഥാപനം പഞ്ചായത്തിൽ പ്രവർത്തിച്ചു വരികയും ചെയ്യുന്നു.

ഉദാ:

| ലൈസൻസ് നം | സ്ഥാപനം |
|---|---|
| 137 / 12-13 | PP ബ്രദേഴ്സ് ക്രഷർ യൂണിറ്റ്, കാഞ്ഞിരത്താണി-കൊക്കൂർ റോഡ്<br>അനുമതി (18.8.12 വരെ) |

IV. ഹെൽത്ത് ഇൻസ്പെക്ടറുടെ സാനിട്ടറി സർട്ടിഫിക്കറ്റ് ഇല്ലാതെ തന്നെ സ്ഥാപനങ്ങൾക്ക് ഡി & ഒ'ലൈസൻസ് അനുവദിക്കുകയും സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിച്ചു വരികയും ചെയ്യുന്നു.

ഉദാ:

| ലൈസൻസ് നം. | സ്ഥാപനം |
|---|---|
| 13 / 12-13 | ബാബു ഹോട്ടൽ<br>(xiv / 481 ) |
| 21 / 12-13 | ഹോട്ടൽ മിനി ( iv /387 ) |
| 34/12-13 | KR ബേക്കറി ( xv /438 ) |

ഇത്തരം അപാകതകൾ ഭാവിയിൽ സംഭവിക്കാതിരിക്കാൻ അതീവമായി ശ്രദ്ധിക്കേണ്ടതാണ്.

## 2-3 കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ഇല്ലാത്ത പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് പഞ്ചായത്തിൽ നിന്നും പാരാ മെഡിക്കൽ രജിസ്ട്രേഷൻ പുതുക്കി നൽകി.

സർക്കുലർ നം. 47724 / DC1 / 11 / LSGD പ്രകാരം പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ കപ്പൂർ പഞ്ചായത്തിൽ താഴെപറയുന്ന സ്ഥാപനങ്ങൾ 2012-2013 വർഷത്തെ പാരാ മെഡിക്കൽ രജിസ്ട്രേഷൻ പുതുക്കുന്നതിന് അപേക്ഷ നൽകിയപ്പോൾ, അപേക്ഷയോടൊപ്പം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ലഭ്യമാക്കിയിരുന്നില്ല എങ്കിലും അവയ്ക്ക് പാരാ മെഡിക്കൽ രജിസ്ട്രേഷൻ പുതുക്കി നൽകി.

| ക്രമ നം. | സ്ഥാപനം | രജിസ്ട്രേഷൻ പുതുക്കി നൽകിയ തിയ്യതി |
|---|---|---|
| 1. | പഞ്ഞാവൂർ ദന്തൽ ക്ലിനിക്ക് , കുമരനെല്ലൂർ | 14.2.12 |
| 2. | ഫോണോ ലാബ് , കുമരനെല്ലൂർ | 23.2.12 |
| 3. | ശാന്തി ലാബ്, കുമരനെല്ലൂർ | 25.2.12 |

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി അപേക്ഷയോടൊപ്പം ഹാജരാക്കിട്ടുണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയതിനു ശേഷം മാത്രം പാരാ മെഡിക്കൽ രജിസ്ട്രേഷൻ പുതുക്കി നൽകേണ്ടതാണ്.

## 2-4 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ തൊഴിൽനികുതി നികുതി രജിസ്റ്റർ പരിശോധിച്ചതിൽ പ്രകാരം, മാവേലി സ്റ്റോർ, കുമരനെല്ലൂർ എന്ന സ്ഥാപനത്തിൽ നിന്നും 2012-13 വർഷത്തെ സ്ഥാപന തൊഴിൽ നികുതി (രണ്ട് അർദ്ധ വർഷത്തേയും) പിരിച്ചെടുത്തതായി കാണുന്നില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നം. 5

നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 2-5 സി.ബി.എസ്.ഇ/അൺഎയിഡഡ് സ്ഥാപനങ്ങളിൽ നിന്നുള്ള തൊഴിൽനികുതി പിരിവ് -അപാകത

പൊതു വിദ്യഭ്യാസ വകുപ്പിന്റെ 14-02-2011-ലെ GO (M.S) 36 / 11 G.Edn പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകൃത അൺ എയിഡഡ് സ്കൂളുകളിലെ അധ്യാപക - അനധ്യാപക ജീവനക്കാരുടെ മിനിമം വേതനം 01-01-2011 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഇതിനു പുറമേ, സെൻട്രൽ ബോർഡ് ഓഫ് സെക്കണ്ടറി എഡ്യുക്കേഷൻ , ന്യൂഡൽഹിയുടെ 29-07-09 -ലെ സർക്കുലർ നമ്പർ 01 (CBSE / AFF / CIRCULERS / 2009) അഫിലിയേഷൻ ബൈലോ റൂൾ 3.3(V) പ്രകാരം, സി.ബി.എസ്.ഇ സ്കൂളുകളിൽ ജോലി ചെയ്യുന്ന അധ്യാപക - അനധ്യാപക ജീവനക്കാർക്ക് സംസ്ഥാന സർവ്വീസിൽ ഇതേ കാറ്റഗറികളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ലഭിക്കുന്ന വേതനം നൽകണമെന്നും അല്ലാത്ത പക്ഷം കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ശമ്പള നിരക്ക് നൽകണമെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ, സലാഹുദ്ദീൻ അയ്യൂബി ഇംഗ്ലീഷ് മീഡിയം സ്കൂൾ- പാറക്കുളം, ഇസ്ലാഹിയ ഓർഫനേജ് സീനിയർ സെക്കൻഡറി സ്ക്കൂൾ-കുമരനെല്ലൂർ എന്നീ സ്ഥാപനങ്ങൾ സമർപ്പിച്ച തൊഴിൽ നികുതി പത്രിക പരിശോധിച്ചപ്പോൾ മേൽ വ്യവസ്ഥകൾ പാലിച്ചിട്ടില്ല എന്ന് കാണുന്നു. ആയതിനാൽ പഞ്ചായത്തിന് തൊഴിൽ നികുതിയിനത്തിൽ സാരമായ നഷ്ടം വന്നിട്ടുണ്ട്.

1996-ലെ കേരളാ പഞ്ചായത്ത് രാജ്- തൊഴിൽ നികുതി ചട്ടങ്ങൾ- ചട്ടം- 18 ( 4,5,6) എന്നിവ പ്രകാരം ഓരോ അർദ്ധ വർഷത്തിന്റെ അവസാനവും ഓഫീസ് തലവനോ, തൊഴിലുടമയോ വെച്ചു പരിപാലിക്കുന്ന രജിസ്റ്ററിലെ സംഖ്യകളും മറ്റു വിവരങ്ങളും പഞ്ചായത്തിൽ സൂക്ഷിക്കുന്ന തത്തുല്യ രജിസ്റ്ററുമായി ഒത്തു നോക്കി കൃത്യത സെക്രട്ടറി ഉറപ്പു വരുത്തേണ്ടതും ഒരു പരിശോധനാ സർട്ടിഫിക്കറ്റ് രജിസ്റ്ററിലെ അവസാനത്തെ ഉൾക്കുറിപ്പിനു ശേഷം എഴുതി തീയ്യതി വെച്ച് നൽകേണ്ടതുമാണ്. ആയത് പഞ്ചായത്തിൽ ചെയ്യുന്നതായി കാണുന്നില്ല. ഈയിനത്തിൽ ഗ്രാമ പഞ്ചായത്തിനുണ്ടായ വരുമാന നഷ്ടം ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 ഫയലുകൾ ഓഡിറ്റിനായി ഹാജരാക്കാത്തത്- ക്രമ വിരുദ്ധം

2012-13 വർഷത്തിലെ ബിൽഡിംഗ് പെർമിറ്റ് സംബന്ധമായ രേഖകൾ പരിശോധിക്കാനായി ഓഡിറ്റ് വേളയിൽ, ഓഡിറ്റ് അന്വേഷണം നം. 8 വഴി ആവശ്യപ്പെട്ടുവെങ്കിലും, അവ ഹാജരാക്കിയില്ല. രേഖകൾ ഓഡിറ്റിനായി ഹാജരാക്കാത്തതിനാൽ രജിസ്റ്റർ പ്രകാരമുള്ള വരവിന്റെ കൃത്യത ഉറപ്പുവരുത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ഇവ ഓഡിറ്റിനായി ഹാജരാക്കാത്തത് ക്രമവിരുദ്ധമായ നടപടിയാണ്. പെർമിറ്റ് സംബന്ധമായ രേഖകൾ ഓഡിറ്റിനായി ഹാജരാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗുണഭോക്തൃസമിതികൾ നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളുടെ രേഖകൾ പരിശോധനക്ക് ലഭിച്ചില്ല—ചെലവ് തടസ്സത്തിൽ വെക്കുന്നു.

തൻവർഷം ഗുണഭോക്തൃസമിതികൾ മുഖേന നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളുടെ പ്രധാനപ്പെട്ട പല രേഖകളും ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല. സമിതി മിനുട്സ്, കണക്ക് പുസ്തകം, മസ്റ്റർറോൾ, വിവിധ സാധനസാമഗ്രികൾ വാങ്ങുന്നതിന് ടെണ്ടർ/ക്വട്ടേഷൻ വിളിച്ചതിന്റെ വിശദാംശങ്ങൾ എന്നിവയൊന്നും ലഭിക്കാത്തതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.9) തിയ്യതി-27-05-2015 നൽകിയെങ്കിലും ആയത് സംബന്ധിച്ച് ലഭിച്ച മറുപടി തൃപ്തികരമല്ല.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കൺവീനറുടെ പേര് | തുക | ബിൽനം/ ചെക്ക് നം തിയ്യതി |
|---|---|---|---|---|
| 1 | ചങ്ങരത്ത് റോഡ് മെറ്റലിംങ് | എം.വി.അലി | 100000 | 3/24-07-12 |
| 2 | കക്കിടി ഇടവഴി-പുല്ലൂര് റോഡ് മെറ്റലിംങ് | എം.വി.അലി | 100000 | 4/24-07-12 |
| 3 | കുമരനല്ലൂർ PHC നവീകരണം | ജയരാജൻ യു.കെ | 50000 | 8/31-07-12 |
| 4 | മൂരിയാട്-പൂണൂൽപാടം കുടിവെള്ള പദ്ധതി | ഷറഫുദ്ദീൻ | 99576<br>100424 | 10/14-09-12<br>ചെക്ക് നം. 954662/ 19-9-12 |
| 5 | വെള്ളാളൂർ-കൊടിക്കുന്ന് കുടിവെള്ള പദ്ധതി | കെ.വി.ചന്ദ്രൻ | 250000 | 11/14-0912 |
| 6 | കൊളപ്രഞ്ചേരി കോളണി കുടിവെള്ള പദ്ധതി | ഷിഹാബ് .കെ | 50000 | 13/23-09-12 |
| 7 | പറമ്പേനി കോളണി കുടിവെള്ള പദ്ധതി | യു.കെ.അച്ചുതൻ | 250000 | 14/23-09-12 |
| 8 | മഠത്തിക്കുഴി കോളണി കുടിവെള്ള പദ്ധതി | പി.പി. അയ്യപ്പൻ | 320725 | 15/29-09-12 |
| 9 | കീരിത്തോട് കുടിവെള്ള പദ്ധതി | സുലൈമാൻ.പി.വി | 200000 | 16/12-11-12 |
| 10 | കൊടിക്കാംകുന്ന്-MK റോഡ് -കല്ല് പതിയ്ക്കൽ | M.മുഹമ്മദ് അഷറഫ് | 100000 | 36/16-03-13 |
| 11 | വായനശാല-പള്ളിത്താഴം റോഡ് മെറ്റലിംങ് | K.T.അബ്ദുൾറഹ്മാൻ | 182000 | 48/31-03-13 |
| 12 | പേരമ്പിലാക്കൽ റോഡ് കോൺക്രീറ്റിംങ് | ഒ.അബ്ദു | 100000 | 61/31-03-13 |
| 13 | മക്കാട് കോളണി റോഡ് | ഫൈസൽ | 150000 | 54/31-03-13 |
| 14 | തലക്കാട്-ഇടവഴി | ഷിഹാബ്.കെ | 100000 | 63/30-03-13 |

| | | | | |
|---|---|---|---|---|
| | കോൺക്രീറ്റിംങ് | | | |
| 15 | എറവക്കാട്-തങ്ങൾപ്പടി റോഡ് കല്ലുപതിക്കൽ | ഷമീർ | 96271 | 64/30-03-13 |
| 16 | മാരായംകുന്ന്-പൊന്നംകാവിൽ-പുള്ളൂർ റോഡ് | കെ.അബൂബക്കർ | 150000 | 65/30-03-13 |
| 17 | വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ നീട്ടൽ | കെ.അബ്ദുൾ റഹ്മാൻ | 100000 | 71/30-03-13 |
| 18 | കുമരനല്ലൂർGLPS നവീകരണം | M.ഷാജു | 299537 | 72/31-03-13 |
| 19 | മണ്ണാരക്കുന്ന്-ഇരുമ്പംകുന്ന് റോഡ് നവീകരണം | ഫൈസൽ | 150000 | 73/31-03-13 |
| 20 | മോട്ടോർ പടി-മൈലാടിക്കുന്ന് റോഡ് റീടാറിംങ് | അഷറഫ് | 250000 | 74/31-03-13 |
| 21 | പട്ടാണിപ്പറമ്പിൽ കുടിവെള്ള പദ്ധതി | ചന്ദ്രൻ | 282907 | 76/30-03-13 |
| 22 | ചുള്ളിവളപ്പിൽ-CP പടി റോഡ് | കെ.പരീത് | 80500 | 79/30-03-13 |
| 23 | കൃഷിഭവൻ അനുബന്ധ കെട്ടിടം | ചന്ദ്രൻ | 300000 | 83/30-03-13 |
| 24 | ചൂളാനി കുടിവെള്ള പദ്ധതി | പ്രകാശൻ | 246275 | 87/31-03-13 |
| 25 | എറവക്കാട് പള്ളി-ചങ്ങരത്ത് റോഡ് മെറ്റലിംങ് | വി.ബഷീർ | 150000 | 88/31-03-13 |
| | | ആകെ | 4213215 | |

കൺവീനർ പ്രവൃത്തികളുടെ അനുബന്ധ രേഖകൾ ഫയലിൽ സൂക്ഷിക്കാതിരുന്നത് ക്രമവിരുദ്ധമാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ ഭാവിയിൽ ഇക്കാര്യം ഗൗരവമായി പരിഗണിക്കേണ്ടതാണ്.

## 3-2 തെരുവ് വിളക്ക് റിപ്പയർ - മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല.

വൗച്ചർ നം. 74/6-2012-13 തീയ്യതി 26-6-2012 തുക 25000 രൂപ (ചെക്ക് നം.16105/30-3-2013), വൗച്ചർ നം. 40/2012-13 തീയ്യതി.18-12-12 തുക 25000 രൂപ എന്നിവ പ്രകാരം ആകെ 50000 രൂപ തെരുവ് വിളക്ക് റിപ്പയറിങ്ങിനായി ശ്രീ.എം. മൊയതുണ്ണി എന്ന വ്യക്തിക്ക് നല്കിയിട്ടുണ്ട്. ഇതിനൊപ്പം 2011-12 സാമ്പത്തിക വർഷം 50000/- രൂപ ഈ ഇനത്തിൽ ചെലവ് സംഭവിച്ചിട്ടുണ്ട് (വൗച്ചർ നം. 204/3-12 തീ. 31.3.12 പ്രകാരം)

ഇതു സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)നം.3065/ഡി.എ3/2011/തസ്വഭവ തീയ്യതി.15-9-2011പ്രകാരം ടെണ്ടറിങ്ങ് സമ്പ്രദായം വഴിയാണ് പ്രവർത്തി ചെയ്യാനുള്ള ഏജൻസിയെ/വ്യക്തിയെ തിരഞ്ഞെടുക്കേണ്ടത്. എന്നാൽ പഞ്ചായത്തിൽ ക്വട്ടേഷൻ വഴിയാണ് കരാറുകാരനെ തിരഞ്ഞെടുത്തിട്ടുള്ളത്.

2) ക്രമ നം. 1 ൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം ടി. പ്രവർത്തികൾക്ക് ഉപയോഗിക്കുന്ന സാധനങ്ങൾ ISI നിലവാര ത്തിലുള്ളതും KSEB യുടെ നിരക്കിനേക്കാൾ അധികരിക്കാൻ പാടില്ലാത്തതുമാണ്. ഈ വ്യവസ്ഥകളൊന്നും പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | ഇനം | ക്വട്ടേഷൻ പ്രകാരമുള്ള നിരക്ക് | KSEBയുടെ അംഗീകൃത നിരക്ക് |
|---|---|---|---|
| 1 | CFL | 265 | 104 |
| 2 | Tube Light 2x40 watts | 270 | 186 |
| 3 | Sodium Vapour Lamp | 1290 | 708 |

പ്രവൃത്തി ചെയ്തയാൾ സമർപ്പിച്ച ബില്ലുകൾ പ്രകാരമുള്ള ആകെ തുക ഇതുവരെ നല്കാത്തതിനാൽ (part payment-കൾ മാത്രമാണ് നൽകിയിട്ടുള്ളത്) ഈയിനത്തിൽ സംഭവിച്ച നഷ്ടം വ്യക്തമാക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

വിതരണം ചെയ്ത സാധനങ്ങൾ ISI നിലവാരത്തിൽ ഉള്ളതാണോ അല്ലയോ എന്ന് ആരും പരിശോധച്ചതായി കാണുന്നില്ല.

3) ഏതൊക്കെ സ്ഥലങ്ങളിൽ തെരുവ് വിളക്കുകൾ നന്നാക്കണം എന്നതുസംബന്ധിച്ച അപേക്ഷകൾ ഫയലിൽ ഇല്ല.

4) കരാറുകാരനിൽ നിന്നും നിയമാനുസൃതമായ നികുതികൾ ഈടാക്കിയിട്ടില്ല.

മേൽപറഞ്ഞ കാരണങ്ങളാൽ തൻവർഷത്തെ ആകെ ചെലവ് തുക 50000 രൂപ തടസത്തിൽ വെയ്ക്കുന്നു.

## 3-3 കെട്ടിടങ്ങൾക്കുള്ള നമ്പർ പ്ലേറ്റ് ആവശ്യമായതിലും വളരെ കൂടുതൽ എണ്ണത്തിന് തുക നല്കിയിരിക്കുന്നു.

വൗച്ചർ നം. 23/4-2012-13 തീയ്യതി 12-4-2012 തുക 47551 രൂ. (ചെക്ക് നം.9834/12-4-2012) നമ്പർ പ്ലേറ്റ് വിതരണം ചെയ്തതിന് മലബാർ ഗ്രാഫിക്സ്, കുറ്റിപ്പുറം എന്ന സ്ഥാപനത്തിന് നല്കിയിരിക്കുന്നു. 4 രൂപ നിരക്കിലാണ് നമ്പർ പ്ലേറ്റുകൾ വാങ്ങിയിട്ടുള്ളത്. ഓരോ വാർഡിലും നിലവിലുള്ള കെട്ടിടങ്ങളുടെ എണ്ണത്തേക്കാൾ വളരെ കൂടുതൽ എണ്ണം വിതരണം ചെയ്യുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | കെട്ടിടങ്ങളുടെ എണ്ണം | വിതരണം ചെയ്യാൻ ആവശ്യപ്പെട്ടിട്ടുള്ള നമ്പർ പ്ലേറ്റുകളുടെ എണ്ണം |
|---|---|---|---|
| 1 | 1 | 446 | 600 |
| 2 | 2 | 547 | 700 |
| 3 | 3 | 431 | 600 |

| | | | |
|---|---|---|---|
| 4 | 4 | 444 | 600 |
| 5 | 5 | 401 | 600 |
| 6 | 6 | 403 | 600 |
| 7 | 7 | 422 | 700 |
| 8 | 8 | 449 | 600 |
| 9 | 9 | 375 | 600 |
| 10 | 10 | 440 | 600 |
| 11 | 11 | 401 | 700 |
| 12 | 12 | 438 | 700 |
| 13 | 13 | 400 | 600 |
| 14 | 14 | 399 | 700 |
| 15 | 15 | 577 | 700 |
| 16 | 16 | 430 | 700 |
| 17 | 17 | 438 | 700 |
| 18 | 18 | 446 | 600 |
| ആകെ | | 7887 | 11600 |

ഇതു കൂടാതെ ഓരോ വാർഡിലും നമ്പർ എഴുതാത്ത 125 എണ്ണം നമ്പർ പ്ലേറ്റുകൾ വീതം (ആകെ:2250) വിതരണം ചെയ്യാനും ആവശ്യപ്പെട്ടിട്ടുണ്ട്. 7887എണ്ണം മാത്രം കെട്ടിടങ്ങളുള്ള പഞ്ചായത്തിൽ 13850 എണ്ണം നമ്പർ പ്ലേറ്റുകൾ (ഏകദേശം ഇരട്ടിയോളം)വിതരണം നടത്തിയത് ക്രമപ്രകാരമല്ല. ചെലവ് തുക 47551രൂ. തടസ്സപ്പെടുത്തുന്നു. എൻക്വയറി നം. 11 തീയതി 30.5.15 പ്രകാരം ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്.

## 3-4 പത്താംതരം തുല്യതാ പരീക്ഷയ്ക്ക് ധനസഹായം. അപേക്ഷകരുടെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.തുക തടസ്സപ്പെടുത്തുന്നു.

വൗച്ചർ നം.159/3-2012-13 തീയ്യതി 30-3-2013 തുക 27000 രൂ. (ചെക്ക് നം.16105/30-3-2013) പ്രകാരം തുല്യതാ പരീക്ഷയ്ക്ക് ധനസഹായം നല്കിയിരിക്കുന്നു. 15 പഠിതാക്കൾക്ക് കോഴ്സ് ഫീസും പരീക്ഷാ ഫീസും അനുവദിക്കുന്നതിനായി കേരളാ സാക്ഷരതാ മിഷൻ ഡയറക്ടർക്കാണ് തുക അനുവദിച്ചിരിക്കുന്നത്. ഇതു സംബന്ധച്ച് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) പഠിതാക്കളുടെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ഇവരുടെ അപേക്ഷകളോ അനുബന്ധ രേഖകളോ ഫയലിൽ ഇല്ല.

2) യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3) പ്രവർത്തനങ്ങൾ ആരും മോണിറ്ററിങ്ങ് നടത്തിയിട്ടില്ല.

മേൽപ്പറഞ്ഞ കാരണങ്ങളാൽ ചെലവ് തുക 27000 രൂ. തടസ്സത്തിൽ വെയ്ക്കുന്നു. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 12/30.5.15 പ്രകാരം ഓഡിറ്റ് അന്വേഷണം നടത്തിയിട്ടുണ്ട്.

## 3-5 മെഡിക്കൽ ക്യാമ്പിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല.

വികലാംഗർക്കുള്ള സഹായ ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്യുന്നതിനായി വിഭാവനം ചെയ്ത പ്രൊജക്ടുകൾക്കുള്ള ഗുണഭോക്താക്കളെ നിർണ്ണയിക്കുന്നതിനും തെരെഞ്ഞെടുക്കുന്നതിനുമായി നടത്തിയ മെഡിക്കൽ ക്യാമ്പിന്റെ വിശദ വിവരങ്ങളോടൊപ്പം, ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റും ബന്ധപ്പെട്ട ഫയലിൽ സൂക്ഷിച്ചു കാണുന്നില്ല. ആയതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ 27.5.15 ന് അന്വേഷണ നം 7 ലൂടെ ആവശ്യപ്പെട്ടിരുന്നു. ആയതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മേൽ സൂചിപ്പിച്ച രേഖകൾ പരിശോധനക്ക് ഹാജരാക്കുവാൻ സാവകാശം വേണമെന്നാണ് അറിയിച്ചിട്ടുള്ളത്.

| പ്രോജക്ട് നം. | പേര് | അടങ്കൽ | ചെലവ് | ബിൽ.നം/ തിയ്യതി |
|---|---|---|---|---|
| 41/13 | വികലാംഗർക്കുള്ള സഹായ ഉപകരണങ്ങൾ (ജനറൽ) | 100000/- ( 1 ലക്ഷം മെഡിക്കൽ ക്യാമ്പ്-5000, സഹായ ഉപകരണങ്ങൾ - 95000) | സഹായ ഉപകരണങ്ങൾ - 97451, റെഫ്റഷ്മെന്റ് ചെലവ് - 1250 അനൗൺസ്മെന്റ് ചെലവ്-1299 | 2/12-13 27-03-13 |
| 42/13 | വികലാംഗർക്കുള്ള സഹായ ഉപകരണങ്ങൾ -(SCP) | 100000/- (1 ലക്ഷം മെഡിക്കൽ ക്യാമ്പ്-5000, സഹായ ഉപകരണങ്ങൾ - 95000) | സഹായ ഉപകരണങ്ങൾ (98337/-രൂപ) റെഫ്റഷ്മെന്റ് ചെലവ്-163/- അനൗൺസ്മെന്റ് ചെലവ്-1500/-) | 1/12-13 27/3/13 |

മേൽ സൂചിപ്പിച്ച പ്രൊജക്ടുകളിൽ വികലാംഗർക്കുള്ള സഹായ ഉപകരണങ്ങൾ വാങ്ങുവാനായി വിഭാവനം ചെയ്തതിൽ അധികരിച്ചാണ് ചെലവ് നടത്തിയിരിക്കുന്നത്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജകട് നം. | അടങ്കൽ | ചെലവ് | അധികരിച്ച തുക |
|---|---|---|---|
| 41/13 | 95000 | 97451 | 2451 |
| 42/13 | 95000 | 98337 | 3337 |
| | | ആകെ | 5788 |

വകയിരുത്തിയ തുകയേക്കാൾ അധികരിച്ച് ചെലവാക്കിയ 5788/- രൂപക്ക് അംഗീകാരം ലഭ്യമാക്കുന്നതോടൊപ്പം ഗുണഭോക്താക്കളെ തെരെഞ്ഞെടുത്ത മെഡിക്കൽ ക്യാമ്പിന്റെ വിശദ വിവരങ്ങളും ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റും ഹാജരാക്കുന്നതു വരെ മേൽ സൂചിപ്പിച്ച പ്രൊജക്ടുകൾക്കായി ചെലവഴിച്ച 2 ലക്ഷം രൂപ ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

## 3-6 വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.തുക തടസ്സപ്പെടുത്തുന്നു.

1) കേരള സാമൂഹ്യ സുരക്ഷാ മിഷൻ പ്രവർത്തനങ്ങൾക്ക് സംഭാവന

വൗച്ചർ നം.152/3-2012-13 തീയ്യതി.27-3-2013 തുക.275000 രൂ. , വൗച്ചർ നം.153/3-2012-13 തീയ്യതി .27-3-2013 തുക .225000രൂ. എന്നിവ പ്രകാരം ആകെ 500000 രൂ. (പദ്ധതിഫണ്ട്) കേരള സാമൂഹ്യ സുരക്ഷാ മിഷൻ പ്രവർത്തനങ്ങൾക്ക് സംഭാവന ആയി നല്കിയിരിക്കുന്നു. കേരളാ സാമൂഹ്യ സുരക്ഷിതത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്കാണ് തുക നല്കിയിരിക്കുന്നത്. ഇതു സംബന്ധിച്ച യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2) SSA വിഹിതം ഗ്രാമപഞ്ചായത്തിൽ നിന്നും നല്കിയിരിക്കുന്നു

വൗച്ചർ നം.81/12-2012-13 തീയ്യതി.31-12-2012 തുക. 154000 രൂ. (പ്ലാൻ എസ്. സി.പി), വൗച്ചർ നം. 79/1-2012-13 തീയ്യതി. 25-1-2013 തുക. 606018രൂ. (പ്ലാൻ ജനറൽ) എന്നിവ പ്രകാരം ആകെ 760018രൂ. SSA വിഹിതമായി പഞ്ചായത്തിൽ നിന്ന് നല്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

മേൽസൂചിപ്പിച്ച രണ്ട് പ്രവൃത്തികളുടെ ആകെ ചെലവ് തുക 831018രൂ. തടസ്സത്തിൽ വെയ്ക്കുന്നു. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## 3-7 പ്രൊജകട് നിർവ്വഹണത്തിന് ആവശ്യമായ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല.തുക തടസ്സപ്പെടുന്നു.

സാന്ത്വന പരിചരണത്തിനായി വിഭാവനം ചെയ്ത പ്രൊജകട് പ്രകാരം മരുന്നുകൾ വാങ്ങുവാനായി ടെണ്ടർ ക്ഷണിച്ചു കാണുന്നില്ല. മേൽ സാഹചര്യത്തിനുള്ള വിശദീകരണം 27.5.15 ന് അന്വേഷണ നം 7 ലൂടെ നിർവ്വഹണ ഉദ്യോഗസ്ഥനോട് ആവശ്യപ്പെടുകയുണ്ടായി. ആയതിനെ തുടർന്ന് സ്റ്റോക്ക് രജിസ്റ്റർ മാത്രമാണ് പരിശോധനക്കായി ഹാജരാക്കിയത്. ടെണ്ടർ സംബന്ധിച്ച് മറുപടിയിൽ ഒന്നും സൂചിപ്പിച്ചിട്ടില്ല.

പ്രൊജക്ടിന്റെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജ.നം | പേര് | അടങ്കൽ | ചെലവ് | ബിൽ നം/.തിയ്യതി |
|---|---|---|---|---|
| 44/13 | സാന്ത്വന പരിചരണം | 200000 | 200000 മരുന്നുകൾ-134000/- നഴ്സുമാരുടെ ശമ്പളം-66000/- | 3/12-13/27-03-13 തുക-100000/- 4/12-13/27-03-13 തുക-100000 |

പ്രൊജക്ട് പ്രകാരം മരുന്നുകൾ വാങ്ങുവാനായി മത്സരാടിസ്ഥാനത്തിൽ ടെണ്ടർ ക്ഷണിച്ച് പദ്ധതി നിർവഹിക്കപ്പെടാത്തതിനാൽ സാധൂകരണം ലഭ്യമാക്കുന്നതു വരെ ഇതിലേക്കായി ചെലവായ തുക 134000രൂ. ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-8 കൺവീനർ പ്രവൃത്തികൾ കരാറുകാരെക്കൊണ്ട് നിർവ്വഹിപ്പിക്കുന്നത് നിയമവിരുദ്ധം

പ്രോജക്ട് നം. - SO.196/13

പേര് - വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ

ഫണ്ടിനം- പദ്ധതി വിഹിതം(SCP)

എം.ബുക്ക് നം. 14/12-13

അഗ്രിമെന്റ് നം. AE/Kpr.31/12-13 dt.24-01-13

കൺവീനർ - കെ.അബ്ദുൾ റഹ്മാൻ

മേൽ പറഞ്ഞ പ്രോജക്ട് പ്രകാരം അഞ്ച് വാർഡുകളിലെ പട്ടികജാതി കോളനികളിലേക്ക് പൈപ്പ് ലൈൻ നീട്ടി കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണിത്. അഞ്ച് വാർഡുകളിലെ ഗുണഭോക്തൃസമിതികൾ മുഖാന്തിരം നിർവ്വഹിക്കേണ്ടുന്ന ഈ പദ്ധതിയുടെ കൺവീനർ മേൽപറഞ്ഞ പ്രകാരം ഒരാൾ മാത്രം തെരഞ്ഞെടുക്കപ്പെട്ടത് പദ്ധതി നടത്തിപ്പിലെ നഗ്നമായ ചട്ടലംഘനമാണ്. G.O(P)278/03 തി.18-09-2003, പൊതുമരാമത്ത് ചട്ടം 13(2) എന്നിവയനുസരിച്ച് അതത് പദ്ധതി പ്രദേശത്തെ ഗുണഭോക്താക്കളുടെ യോഗം വാർഡ് മെംബർ വിളിച്ച്കൂട്ടി സമിതി രൂപീകരിക്കേണ്ടതാണ്.

കൺവീനറായ കെ. അബ്ദുൾ റഹ്മാൻ തൻവർഷം പഞ്ചായത്തിലെ മറ്റ് പല മരാമത്ത് പ്രവൃത്തികളും കരാറടിസ്ഥാനത്തിൽ ഏറ്റെടുത്ത് ചെയ്തിട്ടുണ്ട്. ഉദാ- തിരുത്തിയാൽ റോഡ് ടാറിംങ് (പ്രോ.നം.149/12-13, മൃഗാശുപത്രി റോഡ് റിടാറിംങ് (പ്രോ.നം.149/12-13) എന്നിവ. മുൻ ഖണ്ഡികയിൽ ഒരേ കൺവീനർമാർ തന്നെ ഒന്നിലധികം പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുള്ളതായി കാണാവുന്നതാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള പ്രോജക്ടാണെങ്കിലും ജനറൽ വിഭാഗത്തിൽപ്പെട്ടയാളാണ് പദ്ധതിയുടെ കൺവീനർ ആയിട്ടുള്ളത്.

23-9-97ലെ 216/97/LAD,12-11-97ലെ 254/97/LAD നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരവും, പൊതുമരാമത്ത് ചട്ടങ്ങളിലെ 15(5) വകുപ്പ് പ്രകാരവും ബിനാമി ഇടപാട് ശിക്ഷാർഹമായ കുറ്റമാണ്. ആയതിനാൽ ഇക്കാര്യത്തിൽ ആവശ്യമായ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 അംഗൻവാടികളുടെ അവലോകനം

| ക്രമ നം | അടിസ്ഥാന വിവരങ്ങൾ | എണ്ണം |
|---|---|---|
| 1 | പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന അംഗൻവാടികളുടെ എണ്ണം | 33 |
| 2 | സ്വന്തമായി സ്ഥലമില്ലാത്ത അംഗൻവാടികൾ | 1 |
| 3 | ഗ്യാസ് കണക്ഷൻ ഇല്ലാത്ത അംഗൻവാടികൾ | ഇല്ല |
| 4 | കുടിവെള്ള സൗകര്യം ഇല്ലാത്ത അംഗൻവാടികൾ | 10 |
| 5 | കമ്പ്യൂട്ടർ സ്ഥാപിച്ച അംഗൻവാടികൾ | 02 |
| 6 | കളിക്കോപ്പുകൾ ഇല്ലാത്ത അംഗൻവാടികൾ | ഇല്ല |
| 7 | ഭക്ഷ്യ വസ്തുക്കൾ വൃത്തിയായി സൂക്ഷിക്കുവാൻ സൗകര്യമില്ലാത്ത അംഗൻവാടികൾ | 3 |
| 8 | ടോയിലെറ്റ് ഇല്ലാത്ത അംഗൻവാടികൾ | 1 |
| 9 | സ്വന്തമായി കെട്ടിടം ഇല്ലാത്ത അംഗൻവാടികൾ | 29 |
| 10 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ | 4 |
| 11 | വൈദ്യുതി കണക്ഷൻ കിട്ടിയ അംഗൻവാടികൾ | 6 |
| 12 | വയറിംഗ് കഴിഞ്ഞ അംഗൻവാടികൾ | 6 |

മേൽ ചൂണ്ടിക്കാണിച്ച അടിസ്ഥാന സൗകര്യങ്ങളുടെ സ്ഥിതിവിവരക്കണക്കുകളുടെ വെളിച്ചത്തിൽ തെളിയുന്ന അംഗൻവാടികളുടെ പരിമിതികൾ ദൂരീകരിക്കുവാനായി പ്രോജക്ടുകൾ നടപ്പിലാക്കുവാൻ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-10 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി -അവലോകനം

2005ൽ നിലവിൽ വന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി 2006-07 സാമ്പത്തിക വർഷം മുതൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ വിദഗ്ധ തൊഴിലാളികൾ ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. ഈടു നിൽക്കുന്ന ആസ്തികളുടെ രൂപീകരണവും ഗ്രാമീണ ദരിദ്രരുടെ ജീവിതോപാധികൾ ശക്തിപ്പെടുത്തൽ എന്നതുമാണ് സ്കീമിന്റെ പ്രധാന ലക്ഷ്യം. വിവിധ വർഷങ്ങളിലെ പദ്ധതി നടത്തിപ്പു രേഖകൾ പരിശോധനക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | സൂചകങ്ങൾ | |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2887 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2483 |
| 3 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 228 |
| 4 | തൻവർഷത്തെ ആകെ അടങ്കൽ | 17550000 |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 87 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 66 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം, മെറ്റീരിയൽസിന്റെ ചെലവ് | ഇല്ല |
| 8 | തൻവർഷത്തെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 5377517 |
| 9 | തൻവർഷത്തെ ചെലവ് | 5402647 |
| 10 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 1680 |
| 11 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1680 |
| 12 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 65 |
| 13 | തൊഴിൽ ആവശ്യപ്പെട്ടിട്ടും നൽകാതിരുന്നത് എത്ര പേർക്ക്? തൊഴിൽ രഹിത വേതനം നൽകിയത് എത്ര പേർക്ക്? നൽകിയ തുക | ഇല്ല |
| 14 | തൊഴിൽ സ്ഥലത്ത് സംഭവിച്ച അപകടങ്ങളുടെ എണ്ണം,ചെലവഴിച്ച തുക | ഇല്ല |
| 15 | തൊഴിൽ സ്ഥലങ്ങളിൽ പ്രവൃത്തികളുടെ വിവരം കാണിക്കുന്ന ബോർഡ് സ്ഥാപിക്കാറുണ്ടോ? | ഉണ്ട് |
| 16 | തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം (ആസ്തിയുടെ പേര്/എണ്ണം) | ഇല്ല |
| 17 | സോഷ്യൽ ഓഡിറ്റ് നടന്ന മാസം | 05/2013 |
| 18 | പരാതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ? | ഉണ്ട് |
| 19 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം (ആസ്തി, വിവരം) | ഇല്ല |

## നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം

| ക്രമനം. | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | 2012-13വർഷം | |
|---|---|---|---|
| | | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
| 1 | മണ്ണ്-ജല സംരക്ഷണം | 23 | 2024856 |
| 2 | വരൾച്ച തടയൽ, വനവത്കരണം | ഇല്ല | ഇല്ല |
| 3 | ചെറുകിട ജലസേചനം | 13 | 1141098 |
| 4 | പട്ടികജാതി-പട്ടിക വർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജല സംരക്ഷണം, ഭൂവികസനം | 23 | 1984693 |
| 5 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | ഇല്ല | ഇല്ല |
| 6 | ഭൂവികസനം | ഇല്ല | ഇല്ല |
| 7 | വെള്ളപ്പൊക്ക നിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | ഇല്ല | ഇല്ല |
| 8 | ഭരണപരമായ ചെലവുകൾ | | 252000 |
| | ആകെ | | 5402647 |

## അവലോകനം

2012-13 ലെ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിന്മേലുള്ള സംക്ഷിപ്ത വിവരം താഴെ ചേർക്കുന്നു.

| ക്രമനം. | | 2012-13 വർഷം |
|---|---|---|
| 1 | ആക്ഷൻ പ്ലാൻ പ്രകാരം ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുക | 17550000 |
| | ചെലവഴിച്ച തുക | 5402647 |
| | ശതമാനം | 31 |
| 2 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2887 |
| | തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2483 |
| | ശതമാനം | 86 |
| 3 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 65 |
| 4 | തൻവർഷം ആസ്തികൾ സൃഷ്ടിച്ചിട്ടുണ്ടോ? | ഇല്ല |

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4 ഭാഗം 4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2012-13 | 100000 | ചാത്തൻകുളം അംഗൻവാടി കെട്ടിടം | 100000 | - |

4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ :ഇല്ല

4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് നൽകിയ തുകകൾ താഴെ പറയും പ്രകാരം ക്രമീകരിച്ചിട്ടുണ്ട്.

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| 1 | എം.വി.അലി | ചങ്ങരത്ത് റോഡ് മെറ്റലിംഗ് | 3/24-7-12 | 75000 | 75000 | - |
| 2 | എം.വി.അലി | കക്കിടു പുല്ലൂര് റോഡ് മെറ്റലിംഗ് | 4/24-7-12 | 75000 | 75000 | - |

| | | | | | | |
|---|---|---|---|---|---|---|
| 3 | ഒ.അബാദു. | പേരമ്പിലാക്കൽ റോഡ് കോൺക്രീറ്റ് | 61/30-3-13 | 75000 | 75000 | - |
| 4 | പി.കെ .മുസ്തഫ | മാരായംകുന്ന് PHC റോഡ് കോൺക്രീറ്റ് | 62/30-3-13 | 75000 | 75000 | - |
| 5 | ഷിഹാബ്.പി.കെ | തലക്കാട് ഇടവഴി റോഡ് കോൺക്രീറ്റ് | 63/30-3-13 | 75000 | 75000 | - |
| 6 | കെ.അബൂബക്കർ | മാരായംകുന്ന് പൊന്നംകാവിൽ പുള്ളൂർറോഡ് | 65/30-3-13 | 112500 | 112500 | - |
| 7 | ജസീർ | ചെമ്പുള്ളി കോഴിക്കര റോഡ് മെറ്റലിങ് | 67/30-3-13 | 131500 | 131500 | - |
| 8 | കെ. അബ്ദുൾ റഹ്മാൻ | വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ നീട്ടൽ | 71/30-3-13 | 100000 | 100000 | - |
| 9 | എം. ഷൈജു | കുമരനെല്ലൂർ GLPS നവീകരണം | 72/31-3-13 | 299537 | 299537 | - |
| 10 | ഫൈസൽ | മണ്ണാരക്കുണ്ട് ഇരിമ്പാംകുന്ന് റോഡ് കോൺക്രീറ്റ് | 73/31-3-13 | 115000 | 115000 | - |
| 11 | അഷ്റഫ് | മോട്ടോർപട് മൈലാടിക്കുന്ന് റീടാറിംഗ് | 74/31-3-13 | 190000 | 190000 | - |
| 12 | ചന്ദ്രൻ | കൃഷിഭവൻ അനുബന്ധ കെട്ടിടം | 83/31-3-13 | 225000 | 225000 | - |

4-4. വായ്പ/ വായ്പ തിരിച്ചടവ്: ഇല്ല

4-5. <u>സ്ഥിരനിക്ഷേപങ്ങൾ</u>

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 375010 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 375010 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 375010 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| സ്ഥിരനിക്ഷേപം | 375010 |
| ആകെ | 375010 |

4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 39(1) | 2001-02 | 5-9-1 | റോഡ് പണി ഭാഗികമാക്കി അവസാനിപ്പിച്ചത് | അന്തിമ<br>തീരമാനമായിട്ടില്ല |

4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 46401112 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 44580385 |
| വരവിനങ്ങളിലുള്ള നഷ്ടം | 700 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1289569 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 700 | | ശ്രീ. ടി.ഐ. പോൾ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 50000 | പി.സെയ്തലവി, സെക്രട്ടറി |
| 3-3 | 47551 | പി.സെയ്തലവി, സെക്രട്ടറി |
| 3-4 | 27000 | പി.സെയ്തലവി, സെക്രട്ടറി |

| | | |
|---|---|---|
| 3-5 | 200000 | ഡോ.വിപിൻ കിഷോർ, മെഡിക്കൽ ഓഫീസർ |
| 3-6 | 831018 | പി.സെയ്തലവി, സെക്രട്ടറി |
| 3-7 | 134000 | ഡോ. വിപിൻ കിഷോർ, മെഡിക്കൽ ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ടി.ഐ. പോൾ, സെക്രട്ടറി. | വിരമിച്ചു. | തെങ്ങുങ്കൽ ഹൗസ്<br>എം.സി .അവന്യു<br>കുന്നംകുളം<br>തൃശ്ശൂർ ജില്ല. |
| ഗോപാലകൃഷ്ണൻ, എ.ഇ | A E, LSGD,<br>കപ്പൂർ ഗ്രാ.പ. | ഗോകുലം<br>മേഴത്തൂർ<br>പാലക്കാട് |
| പി.സെയ്തലവി, സെക്രട്ടറി | സെക്രട്ടറി പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത് | പാലൊളി ഹൗസ്<br>വിളയൂർ പി.ഒ.<br>പാലക്കാട് |
| ഡോ. വിപിൻ കിഷോർ ,<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, കപ്പൂർ<br>കപ്പൂർ ഗ്രാ.പ. | പാറമ്പലത്ത് ഹൗസ് കുമ്പിടി പി.ഒ. |

4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും | തീർപ്പാക്കാൻ | റിമാർക്സ് |
|---|---|---|---|

| വർഷം | പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | |
|---|---|---|---|
| 1997-98 | LF P6-18568/00/11-12-00 | മുഴുവൻ ഖണ്ഡികകളും | |
| 1998-99 | LF P6-18568/00/11-12-00 | -do- | |
| 1999-00 | LF P11-28/05/29-8-2005 | -do- | |
| 2000-01 | LF P11-733/06/16-10-06 | -do- | |
| 2001-02 | LF P11-734/06/16-10-06 | -do- | |
| 2002-03 | LF P11-1617/08/2-1-2010 | -do- | |
| 2003-04 | LF P11-1618/08/2-1-2010 | -do- | |
| 2004-05 | LF P11-1619/08/2-1-2010 | -do- | |
| 2005-06 | LF P20-1006/11/30-11-11 | -do- | |
| 2006-07 | LF P20-1007/11/30-11-11 | -do- | |
| 2007-08 | LF P20-1008/11/30-11-11 | -do- | |
| 2008-09 | LF P20-75/13/22-3-13 | -do- | |
| 2009-10 | LF P20-75/13/ 22-3-13 | -do- | |
| 2010-11 | LF P620-75/13/ 22-3-13 | -do- | |
| 2011-12 | LF P20-1276/14/ 10-10-2014 | -do- | |

ഡെപ്യൂട്ടി ഡയറക്ടർ

ലോക്കൽ ഫണ്ട് ഓഡിറ്റ്